**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.2147 — 06.10.2016-ൽ മറുപടിക്ക്

## ആധാരങ്ങൾ വില കുറച്ച് രജിസ്റ്റർ ചെയ്ത കേസുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.അനിൽ അക്കര<br>ശ്രീ.എം. വിൻസെന്റ്<br>ശ്രീ.അടൂർ പ്രകാശ്<br>ശ്രീ.കെ.എസ്.ശബരീനാഥൻ | ശ്രീ.ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) ആധാരങ്ങൾ വില കുറച്ച് രജിസ്റ്റർ ചെയ്ത കേസുകൾ ഒറ്റത്തവണ തീർപ്പാക്കുന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കുമോ; | എ) ഉണ്ട്. ആധാരങ്ങൾ വില കുറച്ച് രജിസ്റ്റർ ചെയ്ത കേസുകൾ ഒറ്റ തവണ തീർപ്പാക്കുന്ന പദ്ധതി 21.07.2016 ലെ G.O.(P) No.74/2016/TD, G.O.(P).No.75/2016/TD നമ്പർ ഉത്തരവുകൾ പ്രകാരം നടപ്പിൽ വരുത്തി. ഒരേക്കറിന് താഴെ വിസ്തീർണ്ണമുള്ള ഭൂമി ഉൾപ്പെട്ടു വരുന്ന കേസുകളും ഫ്ളാറ്റുകളുടെ കേസുകളും നിശ്ചിത സ്ലാബ് നിരക്കിൽ നിജപ്പെടുത്തിയാണ് ഈ പദ്ധതിയിൽ കുടിശ്ശിക ഈടാക്കുന്നത്. |
| ബി) ഏതു കാലഘട്ടത്തിൽ നടന്ന രജിസ്ട്രേഷൻ സംബന്ധിച്ച കേസുകളാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | ബി) ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം 01.01.1986 മുതൽ 31.03.2010 വരെയുള്ള കേസുകളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. |
| സി) ഇതുവരെ എത്രകേസുകൾ ഇപ്രകാരം | സി) ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം |

| | |
|---|---|
| തീർപ്പാക്കിയെന്ന് വിശദമാക്കാമോ; ഇതിലൂടെ ലഭിച്ച വരുമാനം എത്രയെന്ന് വ്യക്തമാക്കാമോ? | 24.09.2016 വരെ 1445 കേസുകൾ തീർപ്പാക്കി. ഇതിലൂടെ 29,42,053 രൂപയുടെ വരുമാനം ലഭ്യമായി. |

സെക്ഷൻ ഓഫീസർ